"ഭരണഭാഷ-മാതൃഭാഷ"
നഗര-ഗ്രാമാസൂത്രണ വകുപ്പ്
കോഴിക്കോട് ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം
(ഹാജർ . ഐഷ.പി.എ)

വിഷയം:- ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ, വാർഡ്-17 ൽ , റി.സ 12/1-ൽപ്പെട്ട സ്ഥലത്ത നിർമ്മിച്ച വാണിജ്യ കെട്ടിടം ക്രമവൽക്കരിക്കുന്നതിന് ശ്രീ.രജീഷ്. മൂലത്ത് എന്നവരുടെ അപേക്ഷയിൽ അനുവാദം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1) G.O(P) No. 12/2018/LSGD dated 15/02/2018.
2) G.O(Rt) No. 857/2018/LSGD dated. 27/03/2018
3) സെക്രട്ടറിയുടെ 26.10.2019-ലെ എ 4- 2863/18 നമ്പർ കത്ത്.
4) അനധികൃത നിർമാണം ക്രമവൽക്കരിക്കുന്നതിനായുള്ള കമ്മിറ്റിയുടെ 28.11.2019-ലെ യോഗ തീരുമാനം

==========

റ്റിസിപികെസെഡ് ഡി -3304/2019-സി1/കെഡിസ് ..02/12/2019

==========

ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ, വാർഡ്-17 ൽ, റി.സ 12/1-ൽപ്പെട്ടസ്ഥലത്ത് അനധികൃതമായി നിർമ്മിച്ച വാണിജ്യകെട്ടിടം ക്രമവൽക്കരിക്കുന്നതിന് കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണം) നിർമ്മാണചട്ടം-2018 പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ക്രമവൽക്കരിക്കുന്നതിന് അനുവാദം നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, അതിരുകൾ, തരം മുതലായവ കെ.പി.ബി.ആർ ചട്ടം 11 പ്രകാരം പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
2. അംഗപരിമിതർക്കുള്ള റാമ്പ്, ടോയ്ലറ്റ്, പാർക്കിംഗ് എന്നിവ പ്രായോഗികമാകുംവിധം നിർമ്മിച്ച ശേഷം മാത്രമേ ഒക്യുപെൻസി അനുവദിക്കുവാൻ പാടുള്ളു.
3. കെട്ടിടത്തിന്റെ മുൻഭാഗത്തെ റൂഫ് പ്രോജെക്ഷൻ പ്ലാനിൽ കാണിച്ചത പ്രകാരം പൊളിച്ചു മാറ്റിയിട്ടുണ്ടോ എന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.
4. ക്രമവൽക്കരണത്തിനു ശേഷം മേൽ കെട്ടിടത്തിൽ പുതിയ നിർമാണമോ, ക്രമവൽക്കരണമോ അനുവദനീയമല്ല.
5. കോമ്പൗണ്ടിംഗ് ഫീ ആയി 12,271/- രൂപ (പന്ത്രണ്ടായിരത്തി ഇരുന്നൂറ്റി എഴുപത്തിഒന്ന് രൂപ മാത്രം) അടച്ചിരിക്കേണ്ടതാണ്. ഇതിൽ പകുതി തുക " 0515-other Development Programme 800 other receipts -92 Compounding fee for regularization of Unauthorized construction violating provisions of building rules" എന്ന ശീർഷകത്തിൽ സർക്കാർ ട്രഷറിയിലും ബാക്കി പകുതി ബന്ധപ്പെട്ട പഞ്ചായത്തിലും അടവാക്കേണ്ടതാണ്.

അംഗീകരിച്ച സൈറ്റ്പ്ലാൻ റ്റിപി/ആർഎ/38/2019 എന്ന നമ്പരായി ഇതോടൊന്നിച്ച് ഉള്ളടക്കം ചെയ്യുന്നു.

ഐഷ.പി.എ
നഗരാസൂത്രക, കോഴിക്കോട്

സെക്രട്ടറി, ഒളവണ്ണ ഗ്രാമപഞ്ചായത്ത് (ഒരു സെറ്റ് പ്ലാൻ)
പകർപ്പ്:- 1) ശ്രീ. രജീഷ്.എം, "മൂലത്ത് ഹൗസ്"
ഒട്ടുമ്പു. പി.ഒ ഒളവണ്ണ, കോഴിക്കോട്-19
2) വെബ്സൈറ്റ് 3) കക്ഷതൽ

Scanned by CamScanner